പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1873      25.3.2013 ൽ മറുപടിക്ക്

## വനിതാ എം.എൽ.എ മാർക്ക് നേരെയുള്ള മർദ്ദനം

| ചോദ്യം<br>ശ്രീ. കെ. അജിത് | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) അടുത്ത കാലത്ത് വനിതാ എം.എൽ.എ മാർക്ക് നേരെ നടന്ന പോലീസ് മർദ്ദനത്തിൽ കുറ്റവാളികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വനിതാ എം.എൽ.എ മാർക്ക് നേരെ പോലീസ് മർദ്ദനം ഉണ്ടായിട്ടില്ല. എന്നാൽ 6.2.2013 ന് ശ്രീമതി. ബിജിമോൾ, ശ്രീമതി. ഗീതാഗോപി എന്നീ എം.എൽ.എ മാരുടെ നേതൃത്വത്തിൽ പോലീസ് വലയം ഭേദിച്ച് തള്ളിക്കയറാൻ ശ്രമിച്ചവരെ സ്ഥലത്ത് നിന്ന് നീക്കം ചെയ്ത് പോലീസ് വാഹനത്തിൽ കയറ്റി സിറ്റി എ.ആർ ക്യാമ്പിലേക്ക് കൊണ്ടുപോകവേ സൂപ്പർവൈസറി ചുമതല വഹിച്ച WSI ശ്രീമതി. കെ.കെ. രമണി ബഹു: എം.എൽ.എ.യോട് ശരിയായ വിധം പെരുമാറുന്നതിൽ വീഴ്ചവരുത്തിയതിനാൽ ശ്രീമതി. കെ.കെ. രമണിയെ ADGP South Zone ന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു. |
| ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാം; | (ബി) അന്വേഷണം നടത്തിയിട്ടുണ്ട്. എം.എൽ.എ മാരോട് ശരിയായ ഒരു പെരുമാറ്റ രീതി പ്രകടമാക്കുന്നതിൽ WSI ശ്രീമതി. കെ.കെ. രമണി വീഴ്ച വരുത്തിയതായി പ്രഥമദൃഷ്ട്യാ വെളിവായിട്ടുണ്ട്. തുടർന്നുള്ള വകുപ്പുതല അന്വേഷണത്തിന് തിരുവനന്തപുരം സിറ്റി കൺട്രോൾ റൂം അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) സംഭവത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ? | സി) ഉണ്ട്. WSI ശ്രീമതി. കെ.കെ.രമണി ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ